പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. T2438

23/1/2014-ൽ
മറുപടിയ്ക്ക്

## കൊല്ലം ആസ്ഥാനമായി കാഷ്യൂബോർഡ് സ്ഥാപിക്കൽ

| ചോദ്യം<br>ശ്രീ.പി.കെ.ഗുരുദാസൻ | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊല്ലം ആസ്ഥാനമായി കാഷ്യൂബോർഡ് സ്ഥാപിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;<br><br>(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി കിട്ടാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത വിഷയത്തിനായി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നൽകിയ കത്തുകളും ആയതിന് ലഭിച്ച മറുപടിയും സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | (എ) (ബി) & (സി) കൊല്ലം ആസ്ഥാനമായി കേരള സർക്കാർ കാഷ്യൂബോർഡ് രൂപീകരിക്കുന്നതിന് 6/10/2007 ന് അന്നത്തെ കേന്ദ്ര വ്യവസായ /വാണിജ്യ വകുപ്പ് മന്ത്രി ശ്രീ.കമൽ നാഥിന് കത്ത് നൽകുകയും തുടർന്ന് 10/12/2007 ൽ കേന്ദ്രപ്രതിരോധമന്ത്രിശ്രീ.എ.കെ.ആന്റണിക്കും 28/10/2008 ൽ പ്രവാസികാര്യമന്ത്രി ശ്രീ.വയലാർ രവിക്കും സംസ്ഥാന തൊഴിൽ വകുപ്പ് മന്ത്രിയും 16/12/2008 ൽ പ്രധാനമന്ത്രിയ്ക്ക് മുഖ്യമന്ത്രിയുംകത്തെഴുതിയിട്ടുണ്ട്.ഈ നിർദ്ദേശം കേന്ദ്ര എക്സ്പെന്റിച്ചർ വകുപ്പിന്റെയും, കാർഷിക വകുപ്പിന്റെയും അനുമതിയ്ക്കായിസമർപ്പിച്ചിട്ടുണ്ടെന്ന് 23/12/2008 ലെ കത്ത് മുഖാന്തിരം കേന്ദ്ര വാണിജ്യ വകുപ്പ് മന്ത്രി കേരള സർക്കാരിനെ അറിയിച്ചിരുന്നു.ഇതിനെ തുടർന്ന് ഇതേ ആവശ്യംഉന്നയിച്ച് ബഹു.മുഖ്യമന്ത്രി 14/8/2012 ൽ ബഹു.പ്രധാനമന്ത്രിയ്ക്കും ബഹു.കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രിക്കും കത്ത് അയച്ചിട്ടുണ്ട്.കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെയും എക്സ്പെന്റിച്ചർ വകുപ്പിന്റെയും അംഗീകാരം ലഭിക്കുന്നതിന് തടസ്സമുള്ളതായി കേന്ദ്ര സർക്കാർ 23/12/2008-ലെ കത്ത് മുഖാന്തിരം സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നു കാഷ്യൂബോർഡ്സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളുടെയും അഭിപ്രായ ഐക്യവും അംഗീകാരവും ലഭിച്ചെങ്കിൽ മാത്രമേ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു വെന്ന് കേന്ദ്ര |

വാണിജ്യ വകുപ്പ് മന്ത്രി 23/7/2009-ൽ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കാഷ്യൂബോർഡ് രൂപീകരിക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ ശുപാർശ ചെയ്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ള സാധ്യമായ എല്ലാ സഹകരണവും നൽകുമെന്ന് മുഖ്യമന്ത്രി തന്നെ ബഹു. പ്രധാനമന്ത്രിയെയും ബഹു.കേന്ദ്ര വാണിജ്യവ്യവസായ വകുപ്പ് മന്ത്രിയെയും 14/8/2012 -ലെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.26/4/2013 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹു.കേന്ദ്ര വാണിജ്യവ്യവസായ വകുപ്പ് മന്ത്രിയും നടത്തിയ കൂടിക്കാഴ്ചയിൽ പ്രത്യേകമായി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന വിഷയം ചർച്ച ചെയ്തു. കേന്ദ്ര വാണിജ്യവ്യവസായ വകുപ്പ് ഈ ശുപാർശ അനുകൂലിക്കുന്നുവെങ്കിലും കേന്ദ്ര സർക്കാരിൻ കീഴിലുള്ള പല വകുപ്പുകൾക്കും വിഭിന്ന അഭിപ്രായമുണ്ടെന്നും ആയതിനാൽ കേന്ദ്ര വാണിജ്യ മന്ത്രാലയവും കേരള സർക്കാരും ഒരിക്കൽ കൂടി പ്രസ്തുത വിഷയം പ്ലാനിംഗ് കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും ചർച്ചയിൽ തീരുമാനിച്ചു.

ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ആസ്ഥാനമായി കാഷ്യൂബോർഡ് രൂപീകരിക്കുന്നതിന് കേരള സർക്കാരിന്റെ പൂർണ സഹകരണവും പിൻതുണയും ഉണ്ടാകുമെന്നും പ്രസ്തുത വിഷയം സജീവമായി പരിഗണിക്കണ മെന്നും കാണിച്ച് ബഹു.മുഖ്യമന്ത്രി 6/1/2014 ൽ പ്ലാനിംഗ് കമ്മീഷൻ ഉപാദ്ധ്യക്ഷന് വീണ്ടും കത്ത് അയച്ചിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ